(ഇ) പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ കൺട്രോൾ ബോർഡിന്റെ ചുമതല ഏൽപ്പിക്കാൻ തയ്യാറാവുമോ ?

ഉത്തരം

(എ) ഓർഗനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ വിലയിരുത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ബോർഡിന് ഓഫീസ് സംവിധാനത്തിനായി വികാസ്ഭവനിൽ 2 മുറികൾ അനുവദിച്ചിട്ടുണ്ട്. ഓഫീസ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) ഓർഗനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന 3 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്.

എൽ.ഡി. ക്ലാർക്ക് - 2

ഹെഡ് ക്ലാർക്ക് - 1

(സി) തസ്തികകളിലേയ്ക്ക് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ മെമ്പർ സെക്രട്ടറിയുടെ അധിക ചുമതല സാമൂഹ്യക്ഷേമ അഡീഷണൽ ഡയറക്ടർ ആണ് വഹിക്കുന്നത്.

(ഇ) പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ ബോർഡിലേയ്ക്ക് നിയമിക്കുന്നതാണ്.

വനിതാ വികസന കോർപ്പറേഷൻ

85 (6244) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികൾ മുഖേന കഴിഞ്ഞ നാല് വർഷത്തിൽ എത്ര വനിതകൾക്ക് ആനുകൂല്യം നൽകിയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(സി) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പിന്നോക്ക ധനകാര്യ വികസന കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടെ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഇപ്പോൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

1. REACH (Resource Enhancement Acadamy for Career Heights)

അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിച്ചിരിക്കുന്ന REACH-ൽ കമ്പ്യൂട്ടർ ലാബ്, ലാംഗ്വേജ് ലാബ് തുടങ്ങിയ ഏറ്റവും പുതിയ സാങ്കേതിക സൗകര്യങ്ങളാണുള്ളത്.

REACH-ൽ നടപ്പിലാക്കി വരുന്ന കോഴ്സുകൾ

(എ) പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം ഫോർ നഴ്സിംഗ് സ്റ്റുഡൻസ്.

(ബി) ട്രെയിനിംഗ് ഇൻ ഐ.ടി.എനേബിൾഡ് എഡ്യൂക്കേഷൻ ഫോർ ബി.എഡ് സ്റ്റുഡൻസ്.

(സി) ട്രെയിനിംഗ് ഫോർ സെയിൽസ് ഗേൾസ്.

(ഡി) ട്രെയിനിംഗ് ഫോർ ഓഫീസ് അസിസ്റ്റന്റ്

2. 2008-09 സാമ്പത്തിക വർഷത്തിൽ ഫിനിഷിംഗ് സ്കൂൾ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികൾ

(എ) കമ്മ്യൂണിറ്റി ബാംബു മാറ്റ് മേക്കിംഗ് സെന്റർ.

(ബി) വനിതാ ഐ.റ്റി.ഐ. കളിൽ ഫിനിഷിംഗ് സ്കൂൾ.

(സി) ഹാൻഡ്ലൂം വീവിംഗ് & ഡിസൈനിംഗ്.

(ഡി) ട്രെയിനിംഗ് ഇൻ ലൈറ്റ് & ഹെവി വെഹിക്കിൾ ഡ്രൈവിംഗ്.

(ഇ) ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ഗുഡ്സ് & മൊബൈൽ ഫോൺ റിപ്പെയറിംഗ്.

(എഫ്) മൾട്ടിപ്പിൾ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം

(ജി) പേഴ്സണാലിറ്റി ഡവലപ്മെൻറ് പ്രോഗ്രാം

(എച്ച്) ഗോൾഡ് ക്രാഫ്റ്റ് & ജൂവലറി ഡിസൈനിംഗ്

(ഐ) ഹോട്ടൽ മാനേജ്മെന്റ്, റെസ്റ്റോറന്റ് & കൗണ്ടർ സർവ്വീസ്

3. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനെസ്

ജെൻഡർ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വീഡിയോ പ്രോഗ്രാമുകൾ, ഡോക്യുമെന്ററികൾ എന്നിവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. സ്വയം തൊഴിൽ വഴിയുണ്ടാകുന്ന വനിതാ ശാക്തീകരണവും,

LIBRARY ARCHIVES Kerala Legislative Assembly

വനിതാ സംരംഭകരുടെ വിജയഗാഥ എന്നിവയെ ആസ്പദമാക്കിയ ഡോക്യുമെന്ററി ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി സഹകരിച്ച് പ്രദർശിപ്പിച്ചുവരുന്നു.

4. വനിതകൾക്ക് കംഫർട്ട് സ്റ്റേഷൻ കം റിട്ടെയറിംഗ് റൂമുകൾ

ഈ പദ്ധതി വനിതാ വികസന കോർപ്പറേഷനും "ഹാബിറ്റാറ്റ്" എന്ന സ്ഥാപനവും ചേർന്നാണ് നടപ്പിലാക്കുന്നത്. കേരളത്തിൽ മൊത്തം 12 പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിലായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ 6 കംഫർട്ട് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 6 കംഫർട്ട് സ്റ്റേഷനുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

ഇത് കൂടാതെ ദേശീയ കോർപ്പറേഷനുകളുടെ വായ്പാ സഹായം ഉപയോഗിച്ച് പിന്നോക്ക ന്യൂനപക്ഷ പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടതും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതുമായ വനിതകൾക്ക് വായ്പ നൽകി വരുന്നു.

(ബി) 5297 വനിതകൾക്ക് ആനുകൂല്യം നൽകി.

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം (2006-2009)
(1)	(2)
തിരുവനന്തപുരം	1480
കൊല്ലം	255
പത്തനംതിട്ട	7
കോട്ടയം	206
എറണാകുളം	703
ആലപ്പുഴ	509
തൃശ്ശൂർ	386
ഇടുക്കി	68
പാലക്കാട്	484
കോഴിക്കോട്	656
വയനാട്	306
കണ്ണൂർ	107
മലപ്പുറം	116
കാസറഗോഡ്	14
ആകെ	5297

LIBRARY ARCHIVES Kerala Legislative Assembly

ഇതുകൂടാതെ വിവിധ കോളേജുകളിലായി നടത്തിയ പേഴ്സണാലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം വഴി 1100 പെൺകുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ദേശീയ പിന്നോക്ക ധനകാര്യ വികസന കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടെ പരിശീലന പരിപാടികൾ, എക്സിബിഷനുകൾ, ബോധവത്ക്കരണ പരിപാടികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനം

86 (6245) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കഴിഞ്ഞ നാലു വർഷത്തെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ട് ; എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട് ; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ഓരോ വർഷവും എന്തൊക്കെ പദ്ധതികൾ നടപ്പാക്കി എന്നും അവയ്ക്കോരോന്നിനും ചെലവായ തുക എത്രയെന്നും അതു മുഖേന പ്രയോജനം സിദ്ധിച്ചവരെത്ര യെന്നും വിശദമാക്കാമോ ;

(ഡി) ശമ്പളം ടി. എ, പരസ്യത്തിന് ചെലവാക്കിയത്, മറ്റിനം എന്നിവയ്ക്ക് ഓരോ വർഷവും ചെലവിട്ട തുകയെത്രയെന്നതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ഇ) ചെയർപേഴ്സൺ, എം. ഡി. എന്നിവർ ഓരോ വർഷവും ടി. എ/ ഡി. എ. അതിഥി സൽക്കാരം, പരസ്യം എന്നിവയ്ക്ക് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ സ്ഥിരപ്പെടുത്തി അവരെ നിയമിച്ചത് ഏതു വിധത്തിലാണെന്നും അവർക്ക് എത്ര വർഷത്തെ സർവ്വീസുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ജി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും റീഎംപ്ലോയ്മെന്റ് മുഖേനയും ആരെയെല്ലാം നിയമിച്ചിട്ടുണ്ട് ; എവിടെ നിന്നെല്ലാം ഏതെല്ലാം തസ്തികകളിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ കഴിഞ്ഞ നാലു വർഷത്തെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് അനുബന്ധം 1* ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly